**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1223** **18-01-2021 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി. ടി. ബൽറാം | | **Shri G. Sudhakaran**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കിയ ആധുനികവൽക്കരണ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ആയത് പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്നതിന് സാഹചര്യം ഒരുക്കിയിട്ടുണ്ടോ; | (എ) | രജിസ്ട്രേഷൻ വകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കിയ ആധുനികവൽക്കരണ നടപടികൾ ചുവടെ ചേർക്കുന്നു. 1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് കൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം. 2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി. 3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടി വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. 4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി. 5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം. 6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം. 7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തുകയുണ്ടായി. 8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. 9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, |

| | | | |
|---|---|---|---|
| | | | ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തി. 10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും, ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി. 11. പ്രവാസി ചിട്ടികൾക്കുള്ള രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. 12. രജിസ്ട്രേഷൻ വകുപ്പിനു കീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. 13. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. 14. ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട ഏതൊരു ആധാരവും ആ ജില്ലയ്ക്കുള്ളിലെ ഏതു സബ് രജിസ്ട്രാർ ആഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. രജിസ്ട്രേഷൻ വകുപ്പിൽ വരുത്തിയ പുതിയ പരിഷ്കാരങ്ങൾ മൂലം ഇടനിലക്കാരുടെ ഇടപെടലിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം നിലവിൽ വന്നതോടുകൂടി ഇടനിലക്കാരുടെ സഹായമില്ലാതെ തന്നെ അപേക്ഷകർ ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചു വരുന്നു. പൊതുജനങ്ങൾക്ക് ഓഫീസിൽ ഹാജരാകാതെയും, ഇടനിലക്കാരുടെ സഹായമില്ലാതെയും തന്നെ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി ഡൗൺലോഡ് ചെയ്യുന്നതിന് സാധിക്കുന്നുണ്ട്. ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നതോടുകൂടി ഇടനിലക്കാരുടെ സഹായമില്ലാതെ സ്വയം തയ്യാറാക്കിയ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ വരുത്തിയ പരിഷ്കരണങ്ങൾ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകുന്നതിന് സഹായിച്ചിട്ടുണ്ട്. |
| (ബി) | ഇ-സ്റ്റാമ്പിങ് സംവിധാനം നടപ്പിലാക്കിയതിലൂടെ രജിസ്ട്രേഷൻ വകുപ്പിനെ അഴിമതി മുക്തമാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇ-സ്റ്റാമ്പിങ് സംവിധാനം നടപ്പിലാക്കിയതിലൂടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ വ്യാജ മുദ്രപത്രങ്ങളുടെ |

| | | | |
|---|---|---|---|
| | | | സാധ്യത ഇല്ലാതാക്കുന്നതിനും, മുദ്രപത്രങ്ങളുടെ യാഥാർത്ഥ്യത ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്. |
| (സി) | വകുപ്പിന്റെ കീഴിലുള്ള കാലപ്പഴക്കം ചെന്ന ഓഫീസുകൾക്ക് പകരം കിഫ്ബി പ്രോജക്ടുകളിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; | (സി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 51 സബ് രജിസ്ട്രാർ ആഫീസുകൾക്ക് പുതിയ കെട്ടിടങ്ങളും ഒരു സബ് രജിസ്ട്രാർ ആഫീസിന്റെ അറ്റകുറ്റപണിയുമാണ് നടത്തുന്നത്. അതിൽ ഒരു സബ് രജിസ്ട്രാർ ആഫീസിന്റെ അറ്റകുറ്റപണി ഉൾപ്പെടെ 25 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 21 കെട്ടിടങ്ങളുടെ നിർമ്മാണം നടന്നു വരുന്നു. ആയതിൽ മലയിൻകീഴ് സബ് രജിസ്ട്രാർ ആഫീസ് കെട്ടിടം കരാറുകാരൻ പിൻമാറിയതിനാലും കുഴൽമന്ദം സബ് രജിസ്ട്രാർ ആഫീസ് കെട്ടിടം കേസ് നിലനിൽക്കുന്നതിനാലും നിർത്തി വച്ചിരിക്കുകയാണ്. 6 കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമാണ്. |
| (ഡി) | ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; അതിനായി എന്ത് ചെലവ് വന്നുവെന്ന് അറിയിക്കാമോ? | (ഡി) | ഉണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സി-ഡിറ്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിക്കായി നാളിതുവരെ 1768.02 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ